# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 609** **19.03.2013-ലെ മറുപടിക്ക്**

**<u>കോൺട്രാക്ടർമാർക്കും ക്ഷേമ പദ്ധതി ഉപഭോക്താക്കൾക്കും നൽകുവാനുള്ള കുടിശ്ശിക</u>**

**ചോദ്യം**

**ശ്രീ. കെ.വി. അബ്ദുൾ ഖാദർ**

**ഉത്തരം**

**ശ്രീ. കെ.എം. മാണി**
**ബഹു. ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പുമന്ത്രി**

| | | |
|---|---|---|
| (എ) | 2013 മാർച്ച് 15-ാം തീയതി സംസ്ഥാനത്തെ ട്രഷറികളിലെ നീക്കിയിരിപ്പിന്റെ കൺസോളിഡേറ്റഡ് ബാലൻസ് തുക എത്രയാണ് ; | 2013 മാർച്ച് 15-ാം തീയതി സംസ്ഥാനത്തിന്റെ ട്രഷറി ബില്ലുകളിൽ ഉള്ള നിക്ഷേപം 4549.07 കോടി രൂപയാണ്. |
| (ബി) | അന്നത്തേക്ക് കോൺട്രാക്ടർമാർ ഉൾപ്പെടെയുള്ളവർക്കും ക്ഷേമ പദ്ധതി ഉപഭോക്താക്കൾക്കും നൽകുവാനുള്ള കുടിശ്ശിക തുക എത്രയാണ് ; | 15.03.2013 ൽ പൊതുമരാമത്ത് വകുപ്പിലെയും, ജലവിഭവ വകുപ്പിലെയും കോൺട്രാക്ടർമാർക്ക് കുടിശ്ശികയിനത്തിൽ 369.04 കോടി രൂപ നൽകുവാനുണ്ട്. സർക്കാരിന്റെ വിവിധ ക്ഷേമപദ്ധതികളായ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി, കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി, കേരള ചുമട്ടുതൊഴിലാളി ക്ഷേമ പദ്ധതി, കേരള ബീഡിതൊഴിലാളി ക്ഷേമനിധി, കേരള ഈറ്റ, കാട്ടുവള്ളി, തഴത്തൊഴിലാളി ക്ഷേമനിധി, ബാർബർത്തൊഴിലാളി ക്ഷേമപദ്ധതി, അലക്കുതൊഴിലാളി ക്ഷേമ പദ്ധതി, കർഷകത്തൊഴിലാളി പെൻഷൻ, കേരള അൺ ഓർഗനൈസ്ഡ് റിട്ടയേർഡ് വർക്കേഴ്സ് പെൻഷൻ ഫണ്ട് സ്കീം, കയർത്തൊഴിലാളി ക്ഷേമ പെൻഷൻ, തൊഴിലില്ലായ്മ വേതനം, മത്സ്യത്തൊഴിലാളി ക്ഷേമ പെൻഷൻ എന്നിവയുടെ ഗുണഭോക്താക്കൾക്ക് 104.20 കോടി രൂപയും കുടിശ്ശിക ഉണ്ടായിരുന്നു. |
| (സി) | പൊതുമരാമത്ത് വകുപ്പിലെയും ജലവിഭവ വകുപ്പിലെയും കോൺട്രാക്ടർമാർക്ക് നൽകേണ്ട കുടിശ്ശികകൾ പ്രത്യേകം വിശദമാക്കുമോ ? | 15.03.2013 ൽ പൊതുമരാമത്ത് (നിരത്തുകളും പാലങ്ങളും) വകുപ്പിൽ 01.11.2012 മുതൽ 31.12.2012 വരെ 238.26 കോടി രൂപയും, പൊതുമരാമത്ത് (കെട്ടിടം) വകുപ്പിൽ 01.12.2012 മുതൽ 31.01.2013 വരെ 91.17 കോടി രൂപയും, ജലവിഭവ വകുപ്പിൽ 01.10.2012 മുതൽ 30.11.2012 വരെ 39.61 കോടി രൂപയും കോൺട്രാക്ടർമാർക്ക് കുടിശ്ശികയായി നൽകുവാനുണ്ടായിരുന്നു. |

**സെക്ഷൻ ഓഫീസർ**